*14-10-2026*

*Calling Attention*

**ശ്രദ്ധ ക്ഷണിക്കൽ**

(1) തിരൂരിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ നടപടി

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മലപ്പുറം ജില്ലയിൽ രണ്ടാമതൊരു സർക്കാർ മെഡിക്കൽ കോളേജ് കൂടി ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ അവതരിപ്പിക്കുന്നത്. ചികിത്സാ രംഗത്തും പഠന സൗകര്യങ്ങളുടെ കാര്യത്തിലും ഇപ്പോഴും പിന്നാക്കം നിൽക്കുന്ന ഒരു ജില്ലയാണ് മലപ്പുറം. സമീപകാലത്ത് വലിയ വിദ്യാഭ്യാസ പുരോഗതിയൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് മെഡിക്കൽ, പാരാമെഡിക്കൽ മേഖലയിൽ ഇപ്പോഴും ബഹുദൂരം പിന്നിലാണെന്ന വസ്തുത നിഷേധിക്കാൻ കഴിയില്ല. കഴിഞ്ഞ ബജറ്റിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ രണ്ടാമത് ഒരു മെഡിക്കൽ കോളേജ് എന്ന ആശയംകൂടി മുന്നോട്ടുവച്ച സാഹചര്യത്തിൽ സർക്കാർ മേഖലയിൽ 16-ഉം സ്വകാര്യ മേഖലയിൽ 21-ഉം മെഡിക്കൽ കോളേജുകൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ 37 മെഡിക്കൽ കോളേജുകളിൽ രണ്ടെണ്ണം മാത്രമാണ് മലപ്പുറം ജില്ലയിലുള്ളത്.

ഒന്ന് സ്വകാര്യ മേഖലയിലും രണ്ടാമത്തേത് മഞ്ചേരിയിൽ സർക്കാർ ഉടമസ്ഥയിലുമാണ്. അരക്കോടിയോളം ജനങ്ങളുള്ള ഒരു വലിയ ജില്ലയ്ക്കകത്ത് ചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള ജില്ലകളിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾപോലും ഇതിനകം ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത. നാടിന്റെ യഥാർഥ വികസനം വിലയിരുത്തേണ്ടത് അവിടെ ഉയർന്നുനിൽക്കുന്ന വലിയ കെട്ടിടങ്ങളുടെ വലിപ്പമോ ഉയരമോ മാനദണ്ഡമാക്കിയല്ല. മറിച്ച് ജനങ്ങൾക്ക് ലഭിക്കുന്ന ആരോഗ്യ പരിരക്ഷയുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ടായിരിക്കണം. വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസിന്റെ വരികൾ ശ്രദ്ധേയമാണ്. രോഗശാന്തിക്ക് സമയം ആവശ്യമാണ് എന്നാൽ ചിലപ്പോൾ സമയോജിതമായ ചികിത്സ ലഭിക്കുവാനുള്ള അവസരവും നിർണ്ണായകമാണ്. ജനറൽ ആശുപത്രിയില്ലാത്ത ഒരു ജില്ലയാണ് മലപ്പുറം എന്നുപറഞ്ഞാൽ തെറ്റാകുകയില്ല. ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചു. അവിടെയിപ്പോൾ മെഡിക്കൽ കോളേജെന്നുപറയുന്നതും ജനറൽ ആശുപത്രിയെന്ന് പറയുന്നതും ഒന്നാണ്. മെഡിക്കൽ കോളേജിൽ 55 കിടക്കകൾ കൂടി

അനുവദിച്ചപ്പോൾ ആകെ 556 കിടക്കകളുമായി പതുക്കെപതുക്കെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, 501 കിടക്കകളുള്ള ജനറൽ ആശുപത്രി രേഖകളിൽ മാത്രമാണുള്ളത്. അത്തരത്തിലുള്ള കിടക്കകളോ, സൗകര്യങ്ങളോ ഉള്ളൊരു ചികിത്സാ കേന്ദ്രം വേറെയില്ലായെന്ന വസ്തുത കാണാതെ പോകരുത്.

Public Health Centre മുതൽ Medical College വരെയുള്ള എല്ലാ ആശുപത്രികളിലുമായി സംസ്ഥാനത്ത് 38525 കിടക്കകളാണുള്ളത്. കേരളത്തിലെ ജനസംഖ്യയുടെ എട്ടിലൊന്ന് ഭാഗം അതായത് 13.5 ശതമാനം ജനങ്ങൾ അധിവസിക്കുന്ന മലപ്പുറത്ത് ഇതിൽ 2604 കിടക്കകൾ മാത്രമാണുള്ളത്. അതായത് മൊത്തം സൗകര്യങ്ങളുടെ 6.75 ശതമാനം മാത്രം, ആകെയുള്ള സൗകര്യങ്ങളുടെ പതിനാറിലൊന്ന് മാത്രമാണിതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇത്തരം സൗകര്യങ്ങളുടെ കാര്യത്തിൽ ഒൻപതാം സ്ഥാനത്താണ് മലപ്പുറം ജില്ലയുള്ളത്. 960 ആളുകൾക്ക് ഒരു കിടക്കയെന്നതാണ് സംസ്ഥാനത്തെ ശരാശരി കണക്ക്. എന്നാൽ മലപ്പുറം ജില്ലയിലെ കാര്യമെടുത്താൽ 1920 ആളുകൾക്ക് ഒരു കിടക്ക എന്നുള്ള

നിലയാണ് ഇപ്പോഴുള്ളത്. നമ്മുടെ സമ്പത്തും സൗകര്യങ്ങളും ജനങ്ങൾക്കിടയിൽ പരമാവധി തുല്യമായി വീതിക്കേണ്ടത് അനിവാര്യമാണ്. മലപ്പുറത്തെ മെഡിക്കൽ കോളേജ് ശൈശവ ദശ ഇപ്പോഴും പിന്നിട്ടിട്ടില്ല. സർക്കാർ ആശുപത്രികളിലെ സൗകര്യക്കുറവ് കാരണം ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടതായി വരുന്നു. മത്സ്യത്തൊഴിലാളികളും, തോട്ടം തൊഴിലാളികളും, കർഷകത്തൊഴിലാളികളും ഏറെയുള്ള ഒരു ജില്ലയിൽ ജനങ്ങൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. വലിയ രോഗങ്ങൾ വന്നാൽ ജനങ്ങൾ അവരുടെ കിടപ്പാടം തന്നെ പണയം വയ്ക്കേണ്ടതായിവരുകയും പിന്നീടത് നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സർക്കാരിന്റെ ചെലവുകൾ ആരോഗ്യരംഗത്ത് വർധിക്കുന്നത് ഒരു ബാധ്യതയായല്ല നാം കാണേണ്ടത്. ആരോഗ്യമുള്ള സമൂഹത്തെ കെട്ടിപ്പടുക്കാൻ വേണ്ടിയുള്ളൊരു നിക്ഷേപമാണത്. ഒരു മെഡിക്കൽ കോളേജ് ഒരു ചികിത്സാ കേന്ദ്രം

മാത്രമല്ല ഒരു പ്രദേശത്തിന്റെ ആരോഗ്യ സുരക്ഷയുടെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും വളർച്ചാകേന്ദ്രങ്ങളുമാണ്. തിരൂരിലെ ജില്ലാശുപത്രി നിലനിർത്തിക്കൊണ്ടുതന്നെ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള സാധ്യതകളാണ് നാം പരിശോധിക്കേണ്ടത്. വളവന്നൂരിലെ സി.എഫ്.സി. പ്രവർത്തിക്കുന്നത് എട്ട് ഏക്കർ സ്ഥലത്താണ്. ഞങ്ങളുടെ നാട്ടിലെ പൂർവികന്മാരായ കടായി സെയ്താലി ഹാജി, പാറയിൽ ബാപ്പു സാഹിബ് എന്നിവർ മദിരാശി ഗവൺമെന്റിന്റെ കാലത്ത് ഒരു ആശുപത്രി ആരംഭിക്കുന്നതിനുവേണ്ടി സംഭാവനയായി നൽകിയതാണ് ഈ സ്ഥലം. പ്രസ്തുത സ്ഥലം ഇതിനായി നമുക്ക് ഉപയോഗിക്കാൻ സാധിക്കും. ആ സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും പിന്നാക്കം നിൽക്കുന്നതുമായ ജില്ലയെന്ന നിലയ്ക്ക് രണ്ടാമതൊരു മെഡിക്കൽ കോളേജുകൂടി മലപ്പുറം ജില്ലയ്ക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയൊഴികെ മലപ്പുറമുൾപ്പെടെയുള്ള പതിമൂന്ന് ജില്ലകളിലും MBBS കോഴ്സോടുകൂടിയ

മെഡിക്കൽ കോളേജുകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലാണ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ മെഡിക്കൽ കോളേജിലെ അക്കാദമിക്-ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിരവധി വികസനപ്രവർത്തനങ്ങൾ നടന്നുവരുകയാണ്. വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ നിർമ്മാണം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. എം.ആർ.ഐ., കാത്ത് ലാബ്, സി.ടി. സ്കാൻ തുടങ്ങിയ സൗകര്യങ്ങളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആധുനിക ചികിത്സാ സൗകര്യങ്ങൾ വിപുലീകരിച്ച് രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

2026 ജനുവരി മുതൽ സെപ്റ്റംബർ 30 വരെ ഏതാണ്ട് 3,56,576 രോഗികൾ മഞ്ചേരി മെഡിക്കൽ കോളേജിലെ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയിട്ടുണ്ട്. പ്രതിമാസം ശരാശരി 35,000-ത്തിലധികം

രോഗികൾ ഇവിടെ ചികിത്സയ്ക്കായെത്തുന്നുണ്ട്. കൂടതൽ പി.ജി. സീറ്റുകൾ അനുവദിക്കുന്നതിനും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദേശങ്ങളും പരിഗണനയിലാണ്.

ഒരു ജില്ലയിൽ ആദ്യമായി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതി പ്രകാരം കേന്ദ്ര ധനസഹായം ലഭ്യമാണ്. ഈ പദ്ധതി പ്രകാരം ജില്ലാ ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകളായി ഉയർത്തുന്നതിനും ഒരു MBBS സീറ്റിന് 1.5 കോടി രൂപയെന്ന നിരക്കിൽ കേന്ദ്ര സഹായം ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് നിലവിലുള്ള സാഹചര്യത്തിൽ കേന്ദ്ര പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മറ്റൊരു മെഡിക്കൽ കോളേജ് അനുവദിക്കാൻ നിയമപ്രകാരം സാധിക്കില്ല. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി മെഡിക്കൽ കോളേജുകൾ പ്രവർത്തിച്ച് വരുന്നതും മഞ്ചേരി മെഡിക്കൽ കോളേജിൽതന്നെ അക്കാദമിക് ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നതും കണക്കിലെടുക്കുമ്പോൾ മലപ്പുറം ജില്ലയിൽ തിരൂർ ആസ്ഥാനമായി

രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല. ഇവിടെ മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. തിരുവനന്തപുരത്ത് രണ്ടാമത്തെ മെഡിക്കൽ കോളേജ് അനുവദിക്കാൻ കാരണം, 2015-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് മെഡിക്കൽ കോളേജ് അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 100 സീറ്റുകൾ കേന്ദ്ര മെഡിക്കൽ കൗൺസിൽ സാങ്ഷൻ ചെയ്യുകയും ചെയ്തു. അതാണ് പിന്നീട് അടച്ചുപൂട്ടിയത്. അതിനാലാണ് രണ്ടാമതും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സാങ്ഷൻ നൽകി പ്രവർത്തനം ആരംഭിക്കാൻ പോകുന്നത്. ഹരിപ്പാട് സ്ഥാപിക്കാനുദ്ദേശിക്കുന്നത് സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ പി.ജി. കോഴ്സുള്ള മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടാണ്. അതുകൊണ്ട് ഒരു മെഡിക്കൽ കോളേജിനുകൂടി മലപ്പുറം ജില്ലയിൽ സാധ്യതയില്ലായെന്നതാണ് ഗവൺമെന്റിന്റെ നയം. എന്നാൽ അതേസമയം തിരൂർ ആശുപത്രിയുടെ വികസനത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

*14-10-2026*

*Calling Attention*

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, താനൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന വളവന്നൂരിലും തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ വെട്ടത്തും രണ്ട് സി.എച്ച്.സി.-കൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. രണ്ടിടത്തും നേരത്തെ കിടത്തി ചികിത്സ ഉണ്ടായിരുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന ഒരു യോഗത്തിൽ അവിടെ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചതാണ്. അത് എത്രയും വേഗം പുനരാരംഭിക്കാൻ സംവിധാനമൊരുക്കുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, സാഹചര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളും.

(2) <u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖല സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയുടെ നിലവിലുള്ള സ്ഥിതി അടിയന്തരമായി പരിഹരിക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

1946-ൽ അന്നത്തെ തിരുവിതാംകൂർ രാജാവായിരുന്ന ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ താൽപര്യപ്രകാരം ബ്രിട്ടണിലെ ബ്രിട്ടീഷ് ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിയുമായി സഹകരിച്ചാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനി രജിസ്റ്റർ ചെയ്തത്. കൊല്ലം ചവറയിലെ തീരദേശ മണലിൽ സമൃദ്ധമായി കാണപ്പെടുന്ന ഇൽമനൈറ്റ് എന്ന ധാതുവിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് വേർതിരിച്ചെടുക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. 1951-ൽ പരീക്ഷണാടിസ്ഥാനത്തിലും 1952-ൽ വാണിജ്യാടിസ്ഥാനത്തിലും ഉൽപാദനം ആരംഭിച്ചു. തുടക്കത്തിൽ പ്രതിദിനം 5 ടൺ ടൈറ്റാനിയം ഡയോക്സൈഡ് മാത്രമായിരുന്നു ഇതിന്റെ ഉൽപാദനശേഷി. ഇന്ത്യൻ ടൈറ്റാനിയം പ്രോഡക്ട് കമ്പനിയെന്ന മാനേജിങ് ഏജൻസിക്കായിരുന്നു അന്ന് ഇതിന്റെ ഭരണച്ചുമതല. 1960 ആഗസ്റ്റ് 15-ന് കേരള സർക്കാർ ബ്രിട്ടീഷ് കമ്പനിയുടെ മാനേജിങ് ഏജൻസി അവസാനിപ്പിച്ചുകൊണ്ട് കമ്പനിയുടെ ഭരണം പൂർണ്ണമായി

ഏറ്റെടുത്തു. ഇതോടെ ട്രാവൻകൂർ ടൈറ്റാനിയം കേരള സർക്കാരിന്റെ കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖല സ്ഥാപനമായി മാറി. 1960-കളിൽ ഉൽപാദനം പ്രതിദിനം 10 ടണ്ണായും പിന്നീട് 18 ടണ്ണായും വർധിപ്പിക്കുന്നതിന് കഴിഞ്ഞു. ഇപ്പോൾ പ്രതിദിനം 40-45 ടൺ വരെയാണ് ഉൽപാദനശേഷി. ഉൽപാദനത്തിനാവശ്യമായ സൾഫ്യൂറിക് ആസിഡ് സ്വന്തമായി നിർമ്മിക്കുന്നതിനായി സ്വന്തം വളപ്പിൽതന്നെ ഒരു പ്ലാന്റ് സ്ഥാപിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുന്ന ഏക സ്ഥാപനമായിരുന്നു ഇത്. വളർച്ചയുടെ നിരവധി പടവുകൾ പിന്നിട്ട് കേരളത്തിലെ പ്രമുഖ പൊതുമേഖല സ്ഥാപനമായി മാറിയ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും പ്രവർത്തന മൂലധനത്തിന്റെ അഭാവവുംമൂലം ഫാക്ടറിയുടെ ഉൽപാദനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ചൈനയിൽനിന്നും കുറഞ്ഞ വിലയ്ക്ക് ടൈറ്റാനിയം ഡയോക്സൈഡ് ഇന്ത്യയിലെത്തുന്നത് ഈ കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ആന്റി ഡമ്പിങ് ഡ്യൂട്ടി നേരത്തെ

ചുമത്തിയിരുന്നു. ഇന്ത്യൻ പെയിന്റ് അസോസിയേഷൻ കൊൽക്കത്ത ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ അത് റദ്ദ് ചെയ്തതിന്റെ ഫലമായി ഇപ്പോൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. പ്രധാന അസംസ്കൃത വസ്തുവായ സൾഫറിന്റെ വില 330 ശതമാനം ഉയർന്നതും നമ്മുടെ ഫാക്ടറിയുടെ പ്രവർത്തനത്തെ ബാധിച്ചു. ഫാക്ടറിയുടെ ഉൽപാദനം സ്തംഭിച്ചിരിക്കുന്നതുമൂലം ജീവനക്കാരുടെ ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ ശമ്പളം പൂർണ്ണമായി മുടങ്ങിയ സ്ഥിതിയാണ്. വിരമിച്ച ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും പി.എഫ്. പെൻഷനും മുടങ്ങി. മറ്റ് ലോണുകൾ, ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കേണ്ട തുക, വാട്ടർ അതോറിറ്റിക്ക് അടയ്ക്കേണ്ട തുക, കെ.എസ്.ഐ.ഡി.സി.-ക്ക് അടയ്ക്കേണ്ട തുക, ജി.എസ്.ടി. കുടിശ്ശിക ഉൾപ്പെടെ ഏകദേശം 90 കോടി രൂപയുടെ കടബാധ്യതയാണ് ഇപ്പോൾ ഈ സ്ഥാപനം അഭിമുഖീകരിക്കുന്നത്. നിലവിൽ സ്ഥാപനത്തെ തകർച്ചയിലേയ്ക്ക് എത്തിച്ചിരിക്കുന്നതിന്റെ കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചവയാണ്. ഇത് തൊഴിലാളികളുടെ ജോലി സ്ഥിരതയെയും ഭാവിയെയും ആശങ്കയിലാക്കുന്ന സ്ഥിതിവിശേഷമാണ്. പ്രധാന അസംസ്കൃത വസ്തുവായ സൾഫറിന്റെ വിലയും ഇന്ധനവിലയും വർധിച്ചത്

ഉൽപന്നങ്ങളുടെ വിലയെ ബാധിച്ചിട്ടുണ്ട്. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാധനത്തിന്റെ വരവോടുകൂടി നമ്മളിപ്പോൾ ഉൽപാദിപ്പിക്കുന്ന സാധനം 20 ശതമാനം വിലകുറച്ചാണ് വിപണിയിൽ വിൽക്കേണ്ടതായിവരുന്നത്. സ്വന്തം സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത നൂതന ഉൽപന്നങ്ങളിൽ ഫാർമ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ്, കാറ്റലിറ്റിക് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് എന്നിവ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഇന്ത്യയിലെ ഏക സ്ഥാപനമാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്. ഇപ്പോൾ 99 ഓഫീസേഴ്സ് അടക്കം 528 ജീവനക്കാരാണ് അവിടെ പ്രവർത്തിക്കുന്നത്. ഇവർക്ക് ശമ്പളമില്ലാത്തത് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം പരിഹരിക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമായിരുന്ന ഈ പൊതുമേഖലാ സ്ഥാപനം തകർന്നുപോകാതെ സംരക്ഷിക്കണമെന്നും മൂലധന സമാഹരണത്തിനും നൂതന ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും സർക്കാരിന്റെ പൂർണ്ണ പിന്തുണയും സഹായവും

ഉണ്ടാകണമെന്നുമാണ് അഭ്യർത്ഥിക്കുന്നത്. 30 കോടി രൂപ അടിയന്തരമായി അനുവദിച്ചാൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ തുടർന്ന് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. നേരത്തെ സൂചിപ്പിച്ചതുപോലെ മൂല്യവർധിത വസ്തുക്കളടക്കം ഉൽപാദിപ്പിക്കുമ്പോൾ സ്ഥാപനത്തെ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ആയതുകൊണ്ട് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാരിന്റെ അടിയന്തര ശ്രദ്ധയും പിന്തുണയുമുണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ടൈറ്റാനിയം പ്രോഡക്ട്സിന്റെ പ്രതിസന്ധിയെപ്പറ്റി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതെല്ലാം ശരിയാണ്. കുറച്ച് കാലമായി നിലനിൽക്കുന്ന വലിയ പ്രതിസന്ധിയാണിത്. ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഫീസിബിലിറ്റി പ്രശ്നമുണ്ട്. അതിന് മറ്റ് ഉൽപന്നങ്ങളുണ്ടാക്കുകയെന്നുള്ള നിർദേശമുണ്ട്. ഫാർമാ ഗ്രേഡ് ടൈറ്റാനിയം അതുപോലെ മറ്റു പല ഉൽപന്നങ്ങൾ ഡൈവേഴ്സിഫൈ ചെയ്യുകയെന്നുള്ള നിർദേശങ്ങൾ സീരിയസായിട്ടുണ്ട്.

*14-10-2026*

## *Calling Attention*

അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. സി. പി. ജോണുമായി ഒരു യോഗം വച്ചിട്ടുണ്ട്. ആ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാനായി ശ്രമിക്കുകയാണ്. ഇപ്പോഴുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു സംഖ്യ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽനിന്നും കുറച്ച് തുകയും അവർക്ക് അനുവദിച്ചിട്ടുണ്ട്. പക്ഷെ, അതെല്ലാം താൽക്കാലികമായ പ്രതിസന്ധി പരിഹരിക്കാൻ വേണ്ടിയാണ്. ഈ പ്രതിസന്ധി സ്ഥിരമായി പരിഹരിക്കാൻ എന്ത് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർത്ത് തീരുമാനിക്കുന്നതാണ്. താൽക്കാലിക പ്രതിസന്ധി പരിഹരിച്ചു പോകുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വലിയ തുക അനുവദിച്ച് എല്ലാക്കാലവും സബ്സിഡൈസ് ചെയ്ത് മുന്നോട്ടുപോകുക എന്നുള്ളത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ പുതിയ പ്രോഡക്റ്റ്സ് നിർമ്മിക്കുന്നതുപോലുള്ള കാര്യങ്ങളിലേയ്ക്ക് പോകാനുള്ള ശ്രമം നടത്തുന്നുണ്ട്.

*14-10-2026*

*Calling Attention*

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ലാർജ് സ്കെയിലിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം നടത്തുന്നതിന് ഏകദേശം 30 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആവശ്യമാണ്. ഇത് സർക്കാർ സഹായമായി നൽകുകയാണെങ്കിൽ ഈ പൊതുമേഖലാ സ്ഥാപനം ഇപ്പോഴത്തെ തകർച്ചയിൽനിന്ന് ഉയർന്നുവരും. ഇക്കാര്യം സർക്കാർ പരിശോധിച്ച് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഫണ്ട് റൈസ് ചെയ്യുന്നതിനുവേണ്ടി സ്ഥലം വെയർ ഹൗസിന് ലീസിന് നൽകുക, കുറച്ച് തുക സർക്കാർ അനുവദിക്കുക എന്നുള്ള നിർദേശങ്ങൾ സർക്കാരിന് മുമ്പിലുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ടൈറ്റാനിയം ഡൈഓക്സൈഡിന്റെ കൂടെ ഫാർമ ഗ്രേഡ് ഉൽപന്നങ്ങൾകൂടി തയ്യാറാക്കുന്നതിന്റെ ഒരു പ്രോജക്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായുള്ള ഇന്നത്തെ യോഗത്തിൽ അക്കാര്യങ്ങൾ വളരെ ഗൗരവമായി പരിഗണിക്കും. ഇക്കാര്യങ്ങൾ ഞങ്ങൾ അടിയന്തരമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.